## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3616** — **14.03.2017-ൽ മറുപടിയ്ക്ക്**

# കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ:** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്കും തടസ്സങ്ങളും പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കിഴക്കേക്കോട്ടയിലെ റോഡ് വികസനം 2016 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിച്ച് കഴിഞ്ഞു. ബി.ഒ.റ്റി. - ആന്വിറ്റി വ്യവസ്ഥയിൽ 15 വർഷത്തെ പരിപാലന വ്യവസ്ഥയോടെയാണ് തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ കൺസഷണർ തിരുവനന്തപുരം റോഡ് ഡവലപ്മെന്റ് കമ്പനിയാണ്. വാഹന ഗതാഗതത്തിന് ആറുവരി പാതയും, യാത്രക്കാർ തലങ്ങും വിലങ്ങും റോഡ് മുറിച്ച് കടക്കുന്നത് ഒഴിവാക്കുന്നതിനായി ഉയരത്തിൽതന്നെ റോഡ് മീഡിയനുകളും, നടപ്പാതക്കും റോഡിനുമിടയിൽ കമ്പി കൊണ്ടുള്ള കൈവരികളും നിർമ്മിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം റോഡിന്റെ ഇരുവശങ്ങളിലും ടൈൽ പാകിയ നടപ്പാതയും നിർമ്മിച്ചിട്ടുണ്ട്. കിഴക്കേക്കോട്ട ഭാഗത്ത് പഴവങ്ങാടി മുതൽ അട്ടക്കുളങ്ങര വരെ 3 സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സിഗ്നൽ ലൈറ്റുകളിൽ വാഹന ഗതാഗതം നിയന്ത്രിക്കുന്നതിന് പുറമേ കാൽനടയാത്രക്കാർക്ക് സുഗമമായി റോഡ് മുറിച്ച് കടക്കുന്നതിനുള്ള സമയവും ക്രമപ്പെടുത്തി നൽകിയിട്ടുണ്ട്. റോഡിന്റെ ഉപരിതലത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കാൽനടയാത്രക്കാർക്ക് വേണ്ടി സീബ്രാ |

ക്രോസിങ്ങുകളും മറ്റ് റോഡ് മാർക്കിംഗുകളും റിഫ്ളക്റ്റീവ് പെയിന്റ് ഉപയോഗിച്ച് വരച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ പൊതുജനങ്ങളുടെ സുരക്ഷക്ക് പരമാവധി പ്രാധാന്യം നൽകിയാണ് കിഴക്കേക്കോട്ടയിലെ റോഡ് വികസനംപൂർത്തീകരിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി കിഴക്കേക്കോട്ടയിലെ റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ബി)** | അട്ടക്കുളങ്ങര സെൻട്രൽ സ്കൂളിന്റെ സ്ഥലം ഏറ്റെടുത്ത് ബസ് ബേ നിർമ്മിക്കുവാനുള്ള ട്രിഡാ പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ കിഴക്കേക്കോട്ടയിലെ ഗതാഗത - ക്കുരുക്ക് പരിഹരിക്കാൻ കഴിയുമോ; എന്ത് ബദൽ സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (ബി) | അട്ടക്കുളങ്ങര ഭാഗത്തും, കെ.എസ്.ആർ.റ്റി.സി. ഡിപ്പോ മുതൽ ഗാന്ധി പാർക്ക് വരെയുള്ള ഭാഗത്തും, പഴവങ്ങാടി ഭാഗത്തും ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കാനുള്ള NATPAC സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ